## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.696 — 29/10/2019-ൽ മറുപടിക്ക്

**കോടങ്കരയിൽ ട്രാൻസ്ഫോർമർ മാറ്റിസ്ഥാപിക്കുന്നതിന് നടപടി**

| | ചോദ്യം<br>**ശ്രീ.കെ. ആൻസലൻ** | | മറുപടി<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൂഴിക്കുന്ന് കെ.എസ്. ഇ.ബി. ഓഫീസിന് കീഴിൽ വരുന്ന ചെങ്കൽ ഗ്രാമപഞ്ചായത്തിലെ കോടങ്കരയിൽ റോഡ് സൈഡിൽ അപകടകരമായ രീതിയിൽ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൂഴിക്കുന്ന് സെക്ഷൻ ഓഫീസിനു കീഴിൽ വരുന്ന ചെങ്കൽ ഗ്രാമപഞ്ചായത്തിലെ കോടങ്കര എന്ന സ്ഥലത്തു സ്ഥിതിചെയ്യുന്ന ട്രാൻസ് ഫോർമർ 2005 ഡിസംബർ മാസത്തിലാണ് സ്ഥാപിച്ചത്. ടി ട്രാൻസ് ഫോർമർ അപകടകരമായ അവസ്ഥയിലാണെന്ന് ഡിസ്ട്രിക്ട് ഡെവലപ്പ്മെന്റ് കമ്മിറ്റി മീറ്റിംഗിൽ ബഹു.നെയ്യാറ്റിൻകര എം.എൽ.എ യുടെ പരാമർശത്തെ തുടർന്നുണ്ടായ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടിവ് എഞ്ചിനിയറുടെ നേതൃത്വത്തിൽ പ്രസ്തുത സ്ഥലത്ത് പരിശോധന നടത്തിയിട്ടുണ്ട്. എന്നാൽ ട്രാൻസ് ഫോർമർ മാറ്റിസ്ഥാപിക്കുവാനായി ലോഡ് സെന്ററിന് അകലെ അല്ലാതെ, റോഡരികിനോട് ചേർന്ന്, അനുയോജ്യമായ പൊതു സ്ഥലം ഇതുവരെയും കണ്ടെത്താനായിട്ടില്ല. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ട്രാൻസ് ഫോർമർ മാറ്റിസ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | കോടങ്കരയിലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി കെ.എസ്. ഇ.ബി. അധികൃതർ സ്ഥല പരിശോധന നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ; സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ ട്രാൻസ്ഫോർമർ എപ്പോൾ മാറ്റും എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ